കീഴിൽ ഒലവക്കോട്, മുണ്ടൂർ എന്നിവിടങ്ങളിലായി രണ്ട് ദ്രുതകർമ്മസേനാ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ യൂണിറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രണ്ട് വാഹനങ്ങൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം, കൃഷിനാശം എന്നിവയ്ക്കായി കഴിഞ്ഞ വർഷത്തിൽ ആകെ 8,78,557 രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി. കൃഷിനാശം സംഭവിച്ചവർക്ക് 5,31,288 രൂപയും സ്വത്തുവകകളുടെ നാശനഷ്ടത്തിനായി 46,822 രൂപയും കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ച വകയിൽ 26,900 രൂപയും പരിക്കുപറ്റിയവർക്ക് 73,547 രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 2,00,000 രൂപയും നൽകിയത് ഇതിനകത്ത് ഉൾപ്പെടുന്നു. വന്യമൃഗ ആക്രമണം തടയുന്നതിനായി പാലക്കാട് വനം ഡിവിഷനിലെ പ്രശ്നബാധിത മേഖലകളിൽ കൂടുതൽ എലിഫെന്റ് പ്രൂഫ് ട്രെഞ്ചുകൾ, സോളാർ പവർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 15 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട അംഗം ഈ വിഷയത്തിന്റെ രൂക്ഷത പ്രത്യേകമായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി 20 ലക്ഷം രൂപകൂടി ഈ ആക്രമണ നിരോധന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അനുവദിക്കുന്നതാണ്.

## (3) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് അടച്ചുപൂട്ടൽ ഭീഷണി

ശ്രീ. എം. നൗഷാദ് : സർ, എന്റെ നിയോജക മണ്ഡലത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന മീറ്റർ കമ്പനി. കേരളത്തിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ മുഴുവൻ മീറ്ററും നൽകിക്കൊണ്ടിരുന്നത് ആ കമ്പനിയിൽ നിന്നാണ്. അത് മെക്കാനിക്കൽ മീറ്ററായിരുന്നു. എന്നാൽ പിന്നീട് ഇലക്ട്രോണിക്സ് മീറ്റർ സംവിധാനം വന്നപ്പോൾ അതിന് അവിടെ സൗകര്യമില്ല എന്ന തരത്തിൽ മറ്റ് സ്വകാര്യ കമ്പനികളിൽ നിന്നും മീറ്റർ വാങ്ങാൻ തുടങ്ങി. ഇപ്പോൾ ആ കമ്പനിയിൽ ഇലക്ട്രോണിക്സ് മീറ്റർ തയ്യാറാക്കാനുള്ള എല്ലാ സജ്ജീകരണങ്ങളുമുണ്ട്. 1951-ൽ ആരംഭിച്ചതാണ് ആ കമ്പനി. ഇപ്പോൾ 65 വർഷം കഴിഞ്ഞു. 700-ൽപ്പരം തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരുന്ന ആ കമ്പനിയിൽ ഇന്ന് വെറും 82 തൊഴിലാളികൾ മാത്രമാണുള്ളത്. ഇലക്ട്രിസിറ്റി ബോർഡ് അവിടെ നിന്ന് മീറ്റർ വാങ്ങിച്ചെങ്കിൽ മാത്രമേ കമ്പനിക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വാട്ടർ മീറ്ററും അവർ തയ്യാറാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയും ആ മീറ്ററുകൾ വാങ്ങിച്ചാൽ കമ്പനിയെ രക്ഷപ്പെടുത്താൻ സാധിക്കും. വർക്കിംഗ് ക്യാപ്പിറ്റലിന്റെ പോരായ്മയാണ് ഇന്ന് ആ കമ്പനി നേരിടുന്ന പ്രധാന പ്രശ്നം. കൊല്ലം പട്ടണത്തിന്റെ ഹൃദയഭാഗത്ത് 6 ഏക്കർ 14 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മീറ്റർ കമ്പനിയെ നവീകരിക്കുന്നതിനും ആ സ്ഥലം കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ വ്യവസായം, ജലവിഭവം, വൈദ്യുതി തുടങ്ങിയ വകുപ്പുകളെല്ലാംകൂടി ചേർന്ന് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നിലപാട് സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, 1950-ൽ സ്ഥാപിച്ച ഒരു വ്യവസായ സ്ഥാപനമാണ് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. ഏതാണ്ട് 133 തൊഴിലാളികളും ജീവനക്കാരുമായി പ്രവർത്തിച്ചുവരികയാണ്. ഈ സ്ഥാപനത്തിന്റെ പ്രധാന ഉത്പന്നം ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമുള്ള മീറ്ററാണ്. ഈ ഉപകരണത്തിന് മതിയായ ആവശ്യക്കാരില്ലാത്തതുകാരണവും അതോടൊപ്പം കാലോചിതമായിട്ടുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പ്രവർത്തിക്കാൻ കഴിയാത്തതിന്റെയും ഫലമായി ഈ മീറ്ററിന് മാർക്കറ്റ് നഷ്ടപ്പെട്ടു. മീറ്റർ പ്രധാനമായും വാങ്ങിക്കൊണ്ടിരുന്നത് കെ.എസ്.ഇ.ബി.-യാണ്. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് ആറ് ലക്ഷം മീറ്ററിന് ഓർഡർ നൽകിയതിൽ മൂന്ന് ലക്ഷം മീറ്റർ ഉത്പാദിപ്പിച്ചുകൊടുക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ക്രമേണ മീറ്ററിന്റെ ഗുണനിലവാരം കുറവാണെന്ന് പറഞ്ഞ് കെ.എസ്.ഇ.ബി. ഈ കമ്പനിയെ ഉപേക്ഷിച്ചു. എന്നാൽ പിന്നീട് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.പി.ആർ.ഐ. (സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യുടെ സഹായത്തോടെ പരിശോധിച്ചപ്പോൾ കമ്പനിക്ക് ഏതാണ്ട് ഒരു ദിവസം 2000 മീറ്റർ മെച്ചപ്പെട്ട ഗുണനിലവാരത്തിൽ ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് അവർ നൽകിയിട്ടുള്ള റിപ്പോർട്ട്. മാസത്തിൽ 60000 മീറ്ററെങ്കിലും ഉത്പാദിപ്പിക്കാൻ സാധിക്കും. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ കമ്പനി അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് ഫർണിച്ചറുകൾ ഉണ്ടാക്കുക, ഹോസ്പിറ്റൽ ഫർണിച്ചറുകൾ ഉണ്ടാക്കുക, സോളാർ പ്രോജക്ട് ഉണ്ടാക്കുക, സോളാർ പവർ പ്ലാന്റ് ഇൻസ്റ്റലേഷൻ തുടങ്ങി മറ്റ് പല സംരംഭങ്ങളിലേക്കു പോവുകയും കമ്പനിയുടെ പൊതുനിലയിൽ നിന്ന് മാറി വലിയ നഷ്ടത്തിലാവുകയും ചെയ്തു. കുറേ വർഷങ്ങളായി കമ്പനി നഷ്ടത്തിലാണ്. ആ കമ്പനി അടച്ചുപൂട്ടാതെ സജീവമായി പ്രവർത്തിപ്പിക്കാനാണ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly